പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1507      22/03/2013-ൽ മറുപടിയ്ക്ക്

# നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, ബാബു എം. പാലിശ്ശേരി<br>,, കെ. ദാസൻ<br>,, ജെയിംസ് മാത്യു | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുമോ ;<br><br>ബി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ ; | എ) & ബി) കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ് നടപ്പാക്കുന്ന ' നാളികേര ടെക്നോളജി മിഷൻ' പദ്ധതി പ്രകാരം നാളികേരത്തിൽ നിന്നുള്ള വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനവും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾക്ക് 25% പരമാവധി 50 ലക്ഷം രൂപ സബ്സിഡി നൽകാവുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത സബ്സിഡിക്കു പുറമേ G.O.(Rt)No.1625/12/AD തീയതി 10.08.2012 പ്രകാരം 25% സബ്സിഡി പരമാവധി 25 ലക്ഷം രൂപ നൽകുന്ന ഒരു പദ്ധതി എസ്.എഫ്.എ.സി മുഖാന്തിരം കൃഷി വകുപ്പ് ഈ വർഷം നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള 5 യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാളികേര ബയോ പാർക്ക് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) തെങ്ങ് ചെത്തി നീര ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏത് ഘട്ടത്തിലെത്തി നില്ക്കുന്നുവെന്ന് അറിയിക്കാമോ ; എന്തെല്ലാം പ്രതിബന്ധങ്ങളാണ് ഈ തീരുമാനം കൈക്കൊള്ളുന്നതിന് മുന്നിലുള്ളതെന്ന് അറിയിക്കാമോ ? | സി) പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**